MONDAY 05-12-2022 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Sreekala S** **Editor : Dr. Saritha Vijayan K**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-05/12/2022.

1. കരകുളം ഗ്രാമപഞ്ചായത്തിന്റെ നാളികേര വികസന പദ്ധതിയുടെ കീഴിൽ തെങ്ങിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും ബന്ധിപ്പിക്കുന്നതിനായി സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി, ജലസേചന സൗകര്യങ്ങൾ രോഗം ബാധിച്ച് ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റി അത്യുൽപാദനശേഷിയുള്ള തെങ്ങിൻതൈകൾ വച്ച് പിടിപ്പിക്കൽ, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനം മുതലായ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ സ്ഥലത്ത് കേരഗ്രാമം പദ്ധതി തുടർച്ചയായി മൂന്ന് വർഷം നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ പഞ്ചായത്ത് തല ഉദ്ഘാടനം നാളെ (ഡിസംബർ ആറിന്) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അഡ്വക്കേറ്റ് ജി ആർ അനിലിന്റെ അധ്യക്ഷതയിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കും

2. ഡിസംബർ 5 ലോക മണ്ണ് ദിനത്തോടനുബന്ധിച്ച് പാറോട്ടുകോണം ജില്ലാ മണ്ണുപരിശോധന ശാലയുടെയും സഞ്ചരിക്കുന്ന മണ്ണ് പരിശോധന ശാലയുടെയും ആഭിമുഖ്യത്തിൽ ഇന്ന് (ഡിസംബർ 5-ന്) പട്ടം ജില്ലാ പഞ്ചായത്ത് ഹാളിൽ വച്ച് ജില്ലാ പഞ്ചായത്ത് വഴിയുള്ള 33 ക്യാമ്പയിനുകളുടെ ഉദ്ഘാടനവും നാളെ (ഡിസംബർ 06-ന്) കരകുളം കൃഷിഭവനിൽ കേരഗ്രാമത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് സൗജന്യ മണ്ണ് പരിശോധനാ ക്യാമ്പയിനും സംഘടിപ്പിച്ചിരിക്കുന്നു.

3. സംസ്ഥാന വിള ഇൻഷുറൻസ് പ്രമീയം കർഷകർക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ AIMS പോർട്ടൽ ( www.aims.kerala. gov.in) വഴി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം തയ്യാറാക്കിയിട്ടുണ്ട്. അപേക്ഷാ സമർപ്പിച്ച് പത്ത് ദിവസത്തിനുള്ളിൽ പരിശോധന പൂർത്തിയാക്കി കർഷകർക്ക് തുക അടയ്ക്കുവാനുള്ള സൗകര്യം ലഭ്യമാകും. തുക അടച്ച ഉടൻതന്നെ പോളിസി സർട്ടിഫിക്കറ്റ്, രസീത് എന്നിവ ഓൺലൈനായി കർഷകന് ലഭിക്കും. തുക അടച്ച് ഏഴു ദിവസത്തിന് ശേഷം സംഭവിക്കുന്ന വിള നാശങ്ങൾക്ക് നഷ്ടപരിഹാരത്തിനായി കർഷകർക്ക് ഇതേ പോർട്ടൽ വഴി അപേക്ഷിക്കുവാൻ കഴിയും. പ്രകൃതിക്ഷോഭത്തിലുണ്ടായ വിളനാശം, വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ഉണ്ടായ വിളനാശം, നെൽകൃഷിയുടെ രോഗ കീടബാധ കാരണമുള്ള വിളനാശം എന്നിവയ്ക്കാണ് നഷ്ടപരിഹാരത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. വിളനാശം ഉണ്ടായി 15

ദിവസങ്ങൾക്കുള്ളിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. സംസ്ഥാനത്തെ പ്രധാനപ്പെട്ട 27 വിളകൾക്കാണ് ഈ പദ്ധതിയിലൂടെ സംരക്ഷണം ലഭിക്കുന്നത്.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ വൈറസ് ഇൻഡക്സിംങ്ങ് ചെയ്യാനുള്ള സൗകര്യങ്ങൾ ഉണ്ട്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, രാഷ്ട്രീയ കൃഷി വികാസ് യോജന, അഖിലേന്ത്യ ഏകോപിത ഗവേഷണ പദ്ധതി എന്നിവയുടെ ധനസഹായത്തോടു കൂടിയാണ് ഇത് സാധ്യമാക്കിയിരിക്കുന്നത്. ടിഷ്യുകൾച്ചർ വാഴത്തൈകൾ വ്യവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുമ്പോൾ വൈറസ് ഇൻഡക്സിങ്ങ് വഴി തൈകൾ പരിപൂർണ്ണമായും രോഗവിമുക്തമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ മറ്റു ടിഷ്യൂകൾച്ചർ ലാബുകളിൽ ഉൽപാദിപ്പിക്കുന്ന തൈകൾ ഇൻഡക്സിങ്ങ് ചെയ്തു കൊടുക്കുന്നതാണ്. കൂടുതൽവിവരങ്ങൾക്ക് വൈറസ് ഇൻഡക്സിങ്ങ് ലബോറട്ടറി, വാഴ ഗവേഷണ കേന്ദ്രം, കേരള കാർഷിക സർവ്വകലാശാല, കണ്ണാറ പി.ഒ, തൃശ്ശൂർ-680652 എന്ന വിലാസത്തിലോ, **0487-2699087** എന്ന ഫോൺ നമ്പരിലോ brskannara@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

5. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **ഡിസംബർ 13,14 തീയതികളിൽ പശു വളർത്തൽ, 16, 17 തീയതികളിൽ ആട് വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## കാർഷിക നിർദ്ദേശങ്ങൾ

6. നെൽപ്പാടങ്ങളിൽ നെൽച്ചെടിയെ ബാധിക്കുന്ന പോളരോഗം കാണാൻ സാധ്യതയുണ്ട്. പാടങ്ങളിൽ നെൽച്ചെടിയുടെ കടഭാഗത്തു തുടങ്ങുന്ന പൊള്ളിയ പോലുള പാടുകളാണ് ഈ രോഗത്തിന്റെ ലക്ഷണം. ഓലയുടെ പോളയുടെ മുകളിൽ കാണുന്ന ഈ പാടുകൾ രോഗം അധികരിക്കുമ്പോൾ ഇലകളിലേക്കു വ്യാപിക്കുകയും ഇലകൾ കരിഞ്ഞു പോകുകയും ചെയ്യുന്നു. ഈ രോഗം ബാധിക്കാതിരിക്കാനുള്ള മുൻകരുതലായി ട്രൈക്കോഡെർമ ഏക്കറിന് ഒരു കിലോ എന്ന കണക്കിൽ ഞാറു പറിച്ചുനട്ടു ഒരാഴ്ചക്ക് ശേഷം ജൈവവളവുമായി കലർത്തി ഇട്ടുകൊടുക്കാം. കൂടാതെ പറിച്ചു നട്ടു ഒരു മാസത്തിനു ശേഷം ഇത്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

10 ഗ്രാം ഒരു ലിറ്ററിന് എന്ന തോതിൽ തളിച്ച് കൊടുക്കുക. രോഗം അധികരിക്കുന്ന സാഹചര്യത്തിൽ പ്രൊപികൊണസോൾ ഒരു മിലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചുകൊടുക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം